ഐഎ2 / 23411 / 2018

വിദ്യാഭ്യാസ ഉപഡയറക്ടറടെ കാര്യാലയം

എറണാകുളം, തീയതി : 08.10.2018

ഫോൺ-0484 2422227,

ഇ-മെയിൽ : ddeekm@gmail.com

പ്രേഷകൻ

വിദ്യാഭ്യാസ ഉപഡയറക്ടർ

എറണാകുളം

സ്വീകർത്താവ്

എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :പൊതു വിദ്യാഭ്യാസം - ഇനം തിരിക്കാൻ കഴിയാത്ത കയ്യിരിപ്പായും ബാങ്ക് അക്കൗണ്ടിലും ഉള്ള പണം തിരിച്ചടച്ച് വിവരം പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന : DPI/84775/2018-A1(AW)

..............................................

സൂചന കത്തിന്റെ പകർപ്പ് ശ്രദ്ധിക്കുക. താങ്കളുടെ ഓഫീസിലോ, താങ്കളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ ഇനം തിരിക്കാൻ കഴിയാതെ കയ്യിരിപ്പായോ ബാങ്ക് അക്കൗണ്ടിലോ പണം ഉണ്ടെങ്കിൽ സൂചന കത്തിൽ ഉള്ള അതാത് ശീർഷകത്തിൽ ഒടുക്കി ആയതിന്റെ വിവരങ്ങൾ ക്രോഡീകരിച്ച് ഒക്ടോബർ 20-നകം വിവരങ്ങൾ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ധനപരമായ വിഷയവും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമായതിനാൽ സമയക്രമം കർശനമായി പാലിക്കേണ്ടതാണ്. വിവരങ്ങൾ സമർപ്പിക്കാത്ത പക്ഷം പിന്നെയുള്ള നടപടികൾക്ക് അതാത് ഓഫീസ് മേധാവികളായിരിക്കും ഉത്തരവാദി എന്ന് കൂടി ഓർമ്മപ്പെടുത്തുന്നു.

വിശ്വസ്തതയോടെ

for വിദ്യാഭ്യാസ ഉപഡയറക്ടർ

എറണാകുളം

<u>ഉള്ളടക്കം : -</u>

സൂചന കത്തിന്റെ പകർപ്പ്

**File No.DPI/84775/2018-A1(AW)**

"ഭരണഭാഷ - മാതൃഭാഷ"

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 27/09/2018

**പരിപത്രം**

വിഷയം:- പൊതുവിദ്യാഭ്യാസം -ആഭ്യന്തര ഓഡിറ്റ് - ഇനം തിരിച്ചറിയാത്ത നീക്കിയിരിപ്പ് തുകകളുടെ തിരിച്ചടവ് - സംബന്ധിച്ച്

സൂചന:- 1. പൊതുവിദ്യാഭ്യാസ ഡയരക്ടറാഫീസിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനാ റിപ്പോർട്ടുകളിലെ പരാമർശങ്ങൾ.

പൊതുവിദ്യാഭ്യാസ ഡയരക്ടറാഫീസിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം 2017-18 വർഷം സംസ്ഥാനതലത്തിൽ നടത്തിയ ആഭ്യന്തരകണക്ക പരിശോധനകളുടെ റിപ്പോർട്ടുകൾ പ്രകാരം പല ഓഫീസുകളിലും ഇനം തിരിച്ചറിയാത്തതായി കൈയിരിപ്പായും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പായും ഭീമമായ തുകകൾ വർഷങ്ങളായി സൂക്ഷിക്കുന്നുണ്ടെന്ന കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ തുക സൂക്ഷിക്കുന്നത് ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനമാണ് എന്നതിനാൽ ഇനം തിരിച്ചറിയാത്തതായി തുക നീക്കിയിരിപ്പ സൂക്ഷിച്ചിട്ടുള്ള ആഫീസുകളുടെ മേലധികാരികൾ അടിയന്തരപ്രാധാന്യത്തോടെ ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി തുകകൾ എത്രയെന്ന തിട്ടപ്പെടുത്തി **2018 ഒക്ടോബർ 31** നകം പൂർണമായും തിരിച്ചടച്ച് നടപടി പൂർത്തീകരിക്കേണ്ടതാണ്. അന്വേഷണപ്രകാരം ഒരുതരത്തിലും ഇനം/ഏതു സ്കീമുമായി ബന്ധപ്പെട്ടത് എന്ന് തിരിച്ചറിയാൻ പറ്റാത്ത നീക്കിയിരിപ്പ തുകകളിൽ **പ്രൈമറി വിഭാഗം സംബന്ധിച്ച തുകകൾ 2202-01-911-99(NP)** എന്ന ശീർഷകത്തിലും **സെക്കണ്ടറി വിഭാഗം തുകകൾ 2202-02-911-99(NP)** എന്ന ശീർഷകത്തിലും **പലിശ ഇനത്തിലെ തുകകൾ** 0049-04-800-80-Miscellaneous Receipts എന്ന ശീർഷകത്തിലും ഒടുക്കേണ്ടതാണ്.

ഈ വിഷയത്തിലെ ജില്ലാതല ഏകോപന പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസ ഉപഡയരക്ടറാഫീസുകളിലെ അക്കൌണ്ട്സ് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. അക്കൌണ്ട്സ് ഓഫീസർമാർ ജില്ലയിലെ സ്കൂളുകളിലും ഓഫീസുകളിലും നീക്കിയിരിപ്പുള്ള തുകകളുടെ തിരിച്ചടവു സംബന്ധിച്ച വിവരങ്ങൾ വരവ്ചെലവു റിക്കൺസൈൽ വിഭാഗം മുഖാന്തിരം ശേഖരിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത പ്രോഫോർമയിൽ ക്രോഡീകരിച്ച തയ്യാറാക്കി **2018 നവംബർ 15** നകം സീനിയർ ഫിനാൻസ് ഓഫീസർക്ക് സമർപ്പിക്കുന്നതിനായി dpiauditwing@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്. പ്രൈമറി, സെക്കണ്ടറി, പലിശ എന്നിവ ഓരോന്നും വെവ്വേറെ പ്രോഫോർമയിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ധനപരമായ വിഷയമായതിനാൽ ഇക്കാര്യത്തിൽ കാലതാമസം അനുവദനീയമല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അക്കൌണ്ട്സ് ഓഫീസർമാർ ആഭ്യന്തര ഓഡിറ്റ് നടത്തുമ്പോൾ ഓഫീസ് മേലധികാരികൾ ഇനം തിരിച്ചറിയാത്ത തുകകൾ പൂർണമായും തിരിച്ചടച്ചോ എന്ന് കാഷ് ബുക്ക്, ബാങ്ക് പാസ് ബുക്ക് മുതലായവ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

സീനിയർ ഫിനാൻസ് ഓഫീസർ,
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**ഉള്ളടക്കം**

File No.DPI/84775/2018-A1(AW)

## പ്രോഫോർമ

**ശീർഷകം:**

| ക്രമ നം. | ഓഫീസിന്റെ/സ്കൂളിന്റെ പേര് | ഒടുക്കിയ ആകെ തുക | ചലാൻ നമ്പർ | തീയ്യതി | ട്രഷറിയുടെ പേര് | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| ആകെ തുക | | | | | | |

സ്ഥലം:
തീയ്യതി:

ഒപ്പും സീലും